(ബി) വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുന്നതിന് ബോധപൂർവ്വമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ;

(സി) വർഗ്ഗീയ സംഘടനകളോട് പോലീസ് വിധേയത്വം കാണിച്ചു വരുന്നതും അവരുടെ ക്രൂരകൃത്യങ്ങൾ തടയാൻ തയ്യാറാകാതിരിക്കുന്നതും വൻ ദുരന്തത്തിനിടയാക്കുമെന്ന ആക്ഷേപം ശ്രദ്ധിക്കുമോ;

(ഡി) വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നുണ്ടോ; സർക്കാർ സംവിധാനങ്ങൾ ഇവർക്ക് സഹായങ്ങൾ നൽകിവരുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഉണ്ട്.

(ബി) വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കുന്നതിന് ബോധപൂർവ്വമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചു വരുന്നതും കൂടാതെ വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണവും, പട്രോളിംഗ് നടത്തിയും സാമുദായിക സംഘർഷം ഉണ്ടാകാൻ സാധ്യതയുള്ള സംഭവങ്ങളിൽ അടിയന്തരമായി ഇടപെട്ട് ആയത് മുളക്കത്തിൽതന്നെ ഇല്ലാതാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നുണ്ട്.

(സി) വർഗ്ഗീയ സംഘടനകളോട് പോലീസ് വിധേയത്വം കാണിക്കുന്നു എന്നുള്ള ആക്ഷേപം ശരിയല്ല.

(ഡി) പോലീസ് ഇന്റലിജൻസിന്റെ സഹായത്തോടെ വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുവരുന്നുണ്ട്. സർക്കാർ സംവിധാനങ്ങൾ വർഗ്ഗീയസംഘടനകൾക്ക് സഹായങ്ങൾ നൽകുന്നില്ല.

ജസ്റ്റീസ് ശിവരാജൻ കമ്മീഷൻ

4 (*4) ഡോ. കെ. ടി. ജലീൽ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസ്, പേഴ്സണൽ സ്റ്റാഫ്, മുൻ ആഭ്യന്തര മന്ത്രി, മുൻകേന്ദ്ര മന്ത്രി എന്നിവർക്കെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങൾ കൂടി

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണ വിഷയങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തി, ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആരോപണവിധേയർ തൽഅധികാരസ്ഥാനങ്ങളിൽ തുടരുന്നത് തെളിവുകൾ നശിപ്പിക്കപ്പെടാൻ ഇതിടയാക്കുമെന്ന കാര്യം വിജിലൻസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജുഡീഷ്യൽ അന്വഷണം നടത്തുന്ന കമ്മീഷൻ, അന്വേഷണ വിഷയങ്ങൾ പുതുക്കുന്നതിനായി കണ്ടെത്തിയ വസ്തുതകൾ ആരോപണ വിധേയരായിട്ടുള്ളവർ ഔദ്യോഗിക സ്ഥാനങ്ങൾ ദുരുപയോഗം ചെയ്യുവെന്ന് പ്രഥമദൃഷ്യാ ശരിവെക്കുന്നുണ്ടോ ;

(ഡി) സർക്കാർ നൽകിയ ടേംസ് ഓഫ് റഫറൻസിൽ മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ ഓഫീസും ഏതെങ്കിലും മന്ത്രിമാരും ഓഫീസുകളും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ; ഇവകൂടി പുതുതായി ഉൾപ്പെടുത്തുന്നത് ഏത് ഘട്ടത്തിലാണെന്നും സാഹചര്യം എന്താണെന്നും അറിയിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ജസ്റ്റീസ് ശിവരാജൻ കമ്മീഷൻ ടേംസ് ഓഫ് റഫറൻസിലെ ഒന്നാമത്തെ ഇനം സംബന്ധിച്ച് വ്യക്തത വരുത്തുകയല്ലാതെ ഏതെങ്കിലും ഒരു പുതിയ വിഷയം അന്വേഷണ കമ്മീഷൻ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) ജസ്റ്റീസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ അന്വേഷണ വിഷയങ്ങൾ പുതുക്കിയിട്ടില്ല.

(ഡി) ജസ്റ്റീസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് കേരള നിയമസഭയിലും പുറത്തും ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ ആരോപണങ്ങളും ഉൾപ്പെടുത്തിയിരുന്നു. ടേംസ് ഓഫ് റഫറൻസിൽ പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ബാർ കോഴ ഇടപാട്

5 (*5) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly